"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - കൊല്ലം, വെള്ളിമൺ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ അനധികൃതമായി തസ്തിക സൃഷ്ടിച്ച് അദ്ധ്യാപകരെ നിയമിച്ചത് മൂലം സർക്കാരിനുണ്ടായ നഷ്ടം അന്നത്തെ പ്രഥമാദ്ധ്യാപികയായ ശ്രീമതി.എസ്.രാധാദേവിയിൽ നിന്നും ഈടാക്കുന്നതിനെതിരെ ശ്രീമതി.എസ്.രാധാദേവി സമർപ്പിച്ച ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.5252/2026/GEDN തീയതി,തിരുവനന്തപുരം, 04-08-2026

---

പരാമർശം:-

1. കൊല്ലം, വെള്ളിമൺ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ വിരമിച്ച പ്രഥമാദ്ധ്യാപികയും മാനേജരുമായ ശ്രീമതി. എസ്. രാധാദേവി ഫയൽ ചെയ്ത W.P.(C) No. 6660/2009 മേലുള്ള ബഹു. കേരള ഹൈക്കോടതിയുടെ 02/03/2009 തീയതി വിധിന്യായം.
2. സ.ഉ.(സാധാ) 2900/2009 തീയതി 13/07/2009
3. കൊല്ലം, വെള്ളിമൺ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ പ്രഥമാദ്ധ്യാപികയായിരുന്ന ശ്രീമതി. എസ്. രാധാദേവി ഫയൽ ചെയ്ത W.P.(C) No. 25025/2009 മേലുള്ള ബഹു. കേരള ഹൈക്കോടതിയുടെ 21/02/2017 തീയതി വിധിന്യായം.
4. 14/08/2020 തീയതിയായ കാരണം കാണിക്കൽ നോട്ടീസ്
5. കൊല്ലം, വെള്ളിമൺ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ പ്രഥമാദ്ധ്യാപികയായിരുന്ന ശ്രീമതി. എസ്. രാധാദേവി സർക്കാരിൽ സമർപ്പിച്ച 16/11/2020 തീയതിയിലെ കത്ത്.
6. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 21-10-2021, 11/08/2023 തീയതികളിലെ വി.ബി.1/70862/2017/ഡി.ജി.ഇ നമ്പർ കത്തുകൾ, 17-04-2024, 27-08-2024 തീയതികളിലെ വിഎ3/5006/2024/ഡി.ജി.ഇ നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

കൊല്ലം ജില്ലയിലെ വെള്ളിമൺ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ, സൂപ്പർ ചെക്ക് സെൽ പരിശോധന നടത്തിയ വേളയിൽ, ടി സ്കൂളിൽ 2007-2008 വർഷം ബോഗസ് അഡ്മിഷൻ നടത്തിയതായി കണ്ടെത്തുകയും, ആയതിനാൽ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ തസ്തിക നിർണ്ണയപ്രകാരം അനുവദിച്ച അധികമായ അദ്ധ്യാപകരുടെ തസ്തിക റദ്ദ് ചെയ്യുവാനും അധികമായി നിലനിർത്തിയ അദ്ധ്യാപകർക്ക് നൽകിയ ശമ്പളം

പ്രഥമാദ്ധ്യാപികയിൽ നിന്നും ഈടാക്കുവാനും പുതുക്കിയ തസ്തിക നിർണ്ണയം നടത്തുവാനും പൊതുവിദ്യാഭ്യാസ ഡയറക്ടർ 03/10/2008-ൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകിയിരുന്നു. ആയതനുസരിച്ച് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 14/11/2008 ലെ ഉത്തരവ് പ്രകാരം തസ്തിക പുനർ നിർണ്ണയിച്ചപ്പോൾ എച്ച് എസ് എ (ഹിന്ദി) യുടെ രണ്ടാം തസ്തിക അധികമാണെന്ന് കണ്ടെത്തുകയും പ്രസ്തുത തസ്തികയിൽ ജോലി നോക്കിയിരുന്ന ഹിന്ദി അദ്ധ്യാപികയ്ക്ക് നൽകിയ ശമ്പളം 1,66,680/- രൂപ പ്രഥമാദ്ധ്യാപികയിൽ നിന്നും ഈടാക്കാൻ നിർദേശം നൽകുകയും ഉണ്ടായി. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 03/10/2008 ലെ ഉത്തരവ് റദ്ദ് ചെയ്യുന്ന ആവശ്യത്തിനായി ഫയൽ ചെയ്ത പരാമർശം (1) റിട്ട് ഹർജ്ജിയിലെ വിധിന്യായം നടപ്പിലാക്കിയ പരാമർശം (2) ഉത്തരവിൽ ടി ആവശ്യം നിരസിച്ച സർക്കാർ ഉത്തരവാകുകയുണ്ടായി. ആയതിനെതിരേ ശ്രീമതി എസ്. രാധാദേവി ഫയൽ ചെയ്ത പരാമർശം (3) -ലെ റിട്ട് ഹർജ്ജിയിലെ വിധിന്യായത്തിൽ 2007-08 ലെ തസ്തിക നിർണ്ണയത്തിൽ അധികമായി കണ്ടെത്തിയ ഡിവിഷനുകളിൽ ജോലിചെയ്ത അദ്ധ്യാപകർക്ക് നൽകിയ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും വഴി സർക്കാരിനുണ്ടായ നഷ്ടം പ്രഥമാദ്ധ്യാപിക പികയിൽ നിന്നും ഈടാക്കാൻ ഉത്തരവു നൽകാൻ പൊതുവിദ്യാഭ്യാസ വകുപ്പ ഡയറക്ടറെ അനുവദിച്ചുകൊണ്ട് വിദ്യാഭ്യാസ ചട്ടങ്ങളിൽ നിലവിൽ വ്യവസ്ഥയില്ലെന്ന് 25.06.2009 ലെ റിട്ട് അപ്പീൽ നം.1288/2007 മേലുള്ള ഡിവിഷൻ ബെഞ്ചിന്റെ വിധിന്യായത്തിൽ പ്രസ്താവിച്ചിട്ടുണ്ടെന്നും പ്രസ്തുത വിധിന്യായത്തിൽ സർക്കാരിനുണ്ടായ നഷ്ടം പ്രഥമാദ്ധ്യാപികയ്ക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ച് ഈടാക്കാവുന്നതാണെന്ന് കൂടി പ്രസ്താവിച്ചിട്ടുണ്ടെന്നും ബഹു.ഹൈക്കോടതി നിരീക്ഷിച്ചു. ആയതിനാൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെയും ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെയും സർക്കാരിന്റെയും മേൽപ്രസ്താവിച്ച ഉത്തരവുകൾ റദ്ദാക്കിക്കൊണ്ട് ബഹു. കേരള ഹൈക്കോടതി 25025/2009 ഹർജി തീർപ്പാക്കി 21.02.2017 തീയതിയിൽ വിധിന്യായം പുറപ്പെടുവിച്ചു.

2. പരാമർശം (3) വിധിന്യായത്തിൽ ശ്രീമതി എസ്. രാധാദേവിക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചു സർക്കാരിനുണ്ടായ നഷ്ടം ഈടാക്കാനാണ ഉത്തരവായിരിക്കുന്നത്. എന്നാൽ പ്രഥമാദ്ധ്യാപികയായ ശ്രീമതി എസ്. രാധാദേവി സർവ്വീസിൽ നിന്നും വിരമിച്ച സാഹചര്യത്തിൽ, ടിയാൾക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കാൻ നിർവ്വാഹമില്ലെന്ന് പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തു. ക്രമവിരുദ്ധമായ നടപടികൾ നിർവ്വഹിച്ചിട്ടുള്ള ഉദ്യോഗസ്ഥർ സർവ്വീസിൽ നിന്നും വിരമിക്കുകയും KSR പാർട്ട് III ചട്ടം 3 & 59(ബി) എന്നിവ പ്രകാരം അവർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുവാൻ കഴിയാതെ വരികയും ചെയ്യുന്ന സാഹചര്യത്തിൽ, കെ.എസ്.ആർ ഭാഗം III ചട്ടം 59(ഡി) അനുസരിച്ച് ടിയാൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി പരാമർശം (3) വിധിന്യായത്തിൽ പരാമർശിച്ചിരിക്കുന്ന നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ, സർക്കാർ ശ്രീമതി രാധാദേവിക്ക് 14/08/2020 തീയതിയായി പരാമർശം (4) കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു.

3. പരാമർശം (4) കാരണം കാണിക്കൽ നോട്ടീസിന് ശ്രീമതി എസ്. രാധാദേവി പരാമർശം (5) പ്രകാരം മറുപടി നൽകി. പ്രസ്തുത മറുപടി പ്രകാരം സൂപ്പർ ചെക്ക് സെൽ കണ്ടെത്തിയ അധിക തസ്തികകളിൽ അദ്ധ്യാപകരെ നിയമിച്ചിട്ടില്ലാത്തതിനാൽ സർക്കാരിന് സാമ്പത്തിക ബാധ്യത ഉണ്ടായിട്ടില്ലെന്നും എന്നാൽ 2 ഹൈസ്കൂൾ അസിസ്റ്റന്റ്(ഹിന്ദി) തസ്തിക ഉണ്ടായിരുന്നത് ഒന്നായി കുറവ് ചെയ്തെന്നും ടി ഒരു തസ്തികയിൽ നിലനിർത്തിയിരുന്ന ശ്രീമതി.കല ബി. എസ്സിനെ 15/07/2007 മുതൽ റിട്രഞ്ച് ചെയ്തിട്ടുണ്ടെന്നും ശ്രീമതി.കല ബി.

എസ്സിന് 15/07/2007 മുതൽ 14/07/2008 വരെ നൽകിയ ശമ്പളമാണ് 166680/- രൂപ തന്റെ ബാധ്യതയായി നിശ്ചയിച്ചുട്ടുള്ളതെന്നും രണ്ടാമത്തെ ഹൈസ്കൂൾ അസിസ്റ്റന്റ്(ഹിന്ദി) തസ്തിക റദ്ദാക്കി ഉത്തരവ് പുറപ്പെടുവിച്ചത് 03/11/2008 ൽ ആണെങ്കിലും രണ്ടാമത്തെ ഹൈസ്കൂൾ അസിസ്റ്റന്റ്(ഹിന്ദി) തസ്തികയിൽ ജോലി നോക്കിയിരുന്ന ശ്രീമതി എ.ആർ.ഉഷ 19/09/2007 മുതൽ അവധിയിലായിരുന്നതിനാൽ ശ്രീമതി കല ബി.എസ്. മാത്രമാണ് ഹിന്ദി അദ്ധ്യാപികയായി ഉണ്ടായിരുന്നതെന്നും തുടർന്ന് ശ്രീമതി എ.ആർ.ഉഷ 11/09/2008 ൽ മരണപ്പെട്ടത് മൂലം അനുവദനീയമായ ഹൈസ്കൂൾ അസിസ്റ്റന്റ്(ഹിന്ദി) തസ്തികയിൽ ശ്രീമതി കല ബി.എസ്.-നെ നിലനിർത്തി 31/07/2009 തീയതിയിൽ B2/4042/2009 നമ്പർ ഉത്തരവ് കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും ആയതിന് 26/02/2015 തീയതിയിലെ 21953/E1/2013.G.Edn നമ്പർ കത്ത് പ്രകാരം സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടെന്നും ആയതനുസരിച്ച് 15/07/2007 മുതൽ 18/09/2007 വരെ മാത്രമേ ശ്രീമതി. കല. ബി. എസ്സിന് തസ്തിക ഇല്ലാതെ തുടരേണ്ടി വന്നുള്ളു എന്നും ടി കാലയളവിൽ ശ്രീമതി.കല. ബി.എസ്സ് കൈപ്പറ്റിയ ശമ്പളം 58,237/- രൂപ ടിയാൾ തന്നെ സർക്കാരിൽ 28/07/2015 ലെ 111 നമ്പർ ചെലാൻ പ്രകാരം തിരികെ ഒടുക്കിയിട്ടുണ്ടെന്നും ആയതിനാൽ ടി ബാധ്യതയിൽ നിന്നും ടിയാളെ ഒഴിവാക്കണമെന്നും അപേക്ഷിച്ചിട്ടുണ്ട്.

4. ശ്രീമതി എസ്. രാധാദേവി നൽകിയ വിശദീകരണത്തിന്മേൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം (6) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. ഈ റിപ്പോർട്ട് പ്രകാരം വെള്ളിമൺ വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളിലെ രണ്ടാമത്തെ എച്ച്.എസ്.ടി(ഹിന്ദി) തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീമതി കല ബി.എസ്. 26/02/2015 തീയതിയിലെ 21953/E1/2013.G.Edn നമ്പർ കത്തിലെ നിർദേശാനുസരണം 15/07/2007 മുതൽ 18/09/2007 വരെയും 31.03.2008 മുതൽ 01.06.2008 വരെയും ശമ്പളയിനത്തിൽ കൈപ്പറ്റിയ 58,237/- രൂപ തിരിച്ചടച്ചിട്ടുണ്ടെന്നും ടിയാളുടെ 19.09.2007 മുതൽ 30.03.2008 വരെയും 02.06.2008 മുതൽ 11.09.2008 വരെയുമുള്ള ലാവണം യഥാക്രമം ടി സ്കൂളിലെ സീനിയർ എച്ച്.എസ്.ടി (ഹിന്ദി) ശ്രീമതി എ.ആർ.ഉഷയുടെ ടി കാലയളവിലെ പരിവർത്തിതാവധി, ശൂന്യവേതനാവധി എന്നിവയിലേക്ക് മാനേജർ ക്രമീകരിച്ചിട്ടുണ്ടെന്നും ശ്രീമതി എ.ആർ.ഉഷ 11.09.2008 ൽ മരണപ്പെട്ടതിനെ തുടർന്ന് പ്രസ്തുത ഒഴിവിൽ ശ്രീമതി കല ബി.എസ്.-നെ തുടരാൻ അനുവദിക്കുകയും ചെയ്തിട്ടുള്ളതാണ് എന്നും പൊതു വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വെള്ളിമൺ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ എച്ച്.എസ്.ടി (ഹിന്ദി) തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീമതി.കല ബി.എസ് 15/07/2007 പ്രാബല്യത്തിൽ റിട്രഞ്ച്ഡായി. ഇല്ലാത്ത തസ്തികയിൽ ജോലി ചെയ്ത ടിയാൾക്ക് 15/07/2007 മുതൽ 11.09.2008 വരെ നല്കിയ ശമ്പളമാണ് പ്രഥമാദ്ധ്യാപികയായ ശ്രീമതി.എസ്.രാധാദേവിയുടെ ബാദ്ധ്യതയായി നിശ്ചയിച്ചിട്ടുള്ള 1,66,680/- രൂപ. ഇതേ സ്കൂളിലെ എച്ച്.എസ്.ടി(ഹിന്ദി) തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീമതി എ.ആർ.ഉഷ അവധി എടുത്തതു മൂലമുണ്ടായ ഒഴിവിൽ 19.09.2007 മുതൽ 30.03.2008 വരെയും 02.06.2008 മുതൽ 11.09.2008 വരെയും ശ്രീമതി കല ബി.എസ്.-ന്റെ ലാവണം, 26/02/2015 തീയതിയിലെ 21953/E1/2013/G.Edn നമ്പർ കത്തിലെ നിർദേശാനുസരണം, ക്രമീകരിച്ചു. ശ്രീമതി എ.ആർ.ഉഷ 11.09.2008 ൽ മരണപ്പെട്ടതിനെ തുടർന്ന് പ്രസ്തുത ഒഴിവിൽ ടിയാൾ തുടർന്നു വരുന്നു. അതായത് തസ്തികയില്ലാതെ ശ്രീമതി കല ബി.എസ്. ശമ്പളം വാങ്ങിയിരുന്നത് 15/07/2007 മുതൽ

18/09/2007 വരെയും 31.03.2008 മുതൽ 01.06.2008 വരെയുമാണ്. പ്രസ്തുത കാലയളവിൽ ടിയാൾ വാങ്ങിയ ശമ്പളമായ 58,237/-രൂപ ശ്രീമതി കല ബി.എസ്. തിരിച്ചടച്ചിട്ടുണ്ട്. പ്രസ്തുത തുകയാണ് യഥാർഥത്തിൽ ശ്രീമതി എസ്.രാധാദേവിയുടെ ബാധ്യത.

6 . മേൽ സാഹചര്യത്തിൽ, ശ്രീമതി കല ബി.എസ്.-ന് ശമ്പളം നൽകിയ ഇനത്തിലുണ്ടായ യഥാർഥ ബാധ്യതയായ 58,237/-രൂപ ശ്രീമതി കല ബി. എസ്. തിരിച്ചടച്ചിട്ടുണ്ട് എന്നത് കണക്കിലെടുത്ത്, വെള്ളിമൺ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ പ്രഥമാദ്ധ്യാപികയായിരുന്ന ശ്രീമതി എസ്.രാധാദേവി സമർപ്പിച്ച പരാമർശം (5) വിശദീകരണം അംഗീകരിച്ച് ടിയാൾക്ക് നിശ്ചയിച്ചിരിക്കുന്ന ബാധ്യതയിൽ നിന്നും ഒഴിവാക്കി ടിയാൾക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, കൊല്ലം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊല്ലം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
ശ്രീമതി.എസ്.രാധാദേവി, പ്രഥമാദ്ധ്യാപിക(റിട്ടയേർഡ്),വെള്ളിമൺ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ ,കൊല്ലം
മാനേജർ, വെള്ളിമൺ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ ,കൊല്ലം
ധനകാര്യ വകുപ്പ്( E 942050/EDN-A3/264/2018-FIN തീയതി: 09-02-2023)
വിവര പൊതുജന സമ്പർക്ക ( വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (B2/295/2022-G.EDN)

ഉത്തരവിൻ പ്രകാരം

Digitally signed by
Ragasmitha V M
Date: 04.08.2026
14:33:17
സെക്ഷൻ ഓഫീസർ